# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only** 2007 ആഗസ്റ്റ് 25

## അൽമായവേദി നേതൃത്വം പ. പിതാവിനെ സന്ദർശിച്ചു

കോട്ടയം: ഓർത്തഡോക്സ് അൽമായവേദി നേതൃത്വം പ. പിതാവിനെ സന്ദർശിച്ച് അസോസ്യേഷൻ സെക്രട്ടറി അൽമായവേദി പി. ആർ. ഒ. യെ ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച് രേഖാമൂലം പരാതി ബോധിപ്പിച്ചു. കാതോലിക്കേറ്റ് അരമനയിൽ നടന്ന കൂടിക്കാഴ്ചയിൽ അൽമായവേദി സെക്രട്ടറിയേറ്റ് അംഗങ്ങളായ കെ. വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്), പീലിപ്പോസ് പോട്ടയ്ക്കാവയലിൽ (എഡിറ്റർ), എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് (പി. ആർ. ഒ) എന്നിവർ പ. പിതാവുമായി ദീർഘമായി ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചു. പ. പിതാവിന് സമർപ്പിച്ച പരാതി വിശദമായി അദ്ദേഹം വായിച്ചു കേട്ടു.

സഭാ സെക്രട്ടറി എന്ന പരാമർശനം ശരിയല്ലെന്നും അസോസ്യേഷൻ സെക്രട്ടറി എന്നതാണ് ശരിയെന്നും പ. പിതാവ് കല്പിച്ചു. സഭാ സെക്രട്ടറി എന്നു വിളിക്കാവുന്നത് പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി മാത്യൂസ് മാർ സേവേറിയോസിനെയാണെന്ന് പ. പിതാവ് ചൂണ്ടിക്കാട്ടി. സഭാ ഭരണഘടനയിലെ അസോസ്യേഷൻ സെക്രട്ടറിയെക്കുറിച്ചുള്ള ഭാഗങ്ങൾ പ. പിതാവ് വായിച്ചുകേൾപ്പിച്ചു.

അൽമായവേദിയുമായുള്ള സ്നേഹബന്ധത്തെ അനുസ്മരിച്ച പിതാവ്, തെറ്റുകൾ കാണുമ്പോൾ ബന്ധപ്പെട്ട മെത്രാപ്പോലീത്തന്മാരെ നേരിൽക്കണ്ട് അതിനെക്കുറിച്ച് ബോധ്യപ്പെടുത്തണമെന്നും അല്ലാത്തപക്ഷം അവരത് തുടർച്ചയായി ആവർത്തിച്ചു കൊണ്ടിരിക്കുമെന്നും കല്പിച്ചു. പ. പിതാവിനെ പരുമലയിൽ രോഗിയായി ചിത്രീകരിച്ച് ആരെയും കാണാൻ അനുവദിക്കാതെ കിടത്തിയപ്പോൾ അൽമായവേദി ശക്തമായി പ്രതികരിച്ചതും അതിനെത്തുടർന്ന് പ. പിതാവിനെ ദേവലോകത്തേക്ക് മാറ്റിയതും പ്രവർത്തകർ അനുസ്മരിച്ചു. ഇപ്പോൾ കാര്യമായ ശാരീരിക പ്രശ്നങ്ങളൊന്നുമില്ലെന്നും വലതുകാലിന് അല്പം പ്രശ്നമുള്ളതിന് ഫിസിയോതെറാപ്പി ചെയ്യുന്നുണ്ടെന്നും പ. പിതാവ് പറഞ്ഞു.

അൽമായവേദി ജനറൽ സെക്രട്ടറി തോമസ് ചാണ്ടി, അസോസ്യേഷൻ സെക്രട്ടറിക്ക് എഴുതിയ തുറന്ന കത്ത് വായിച്ചുകേട്ട പ. പിതാവ്, ആ കത്ത് പോകുന്നവഴി സെക്രട്ടറിക്ക് കൊടുത്ത് 'മനസ്സിരുത്തി വായിക്കുവാൻ' പറയുവാൻ കല്പിച്ചു. പ. പിതാവിന്റെ കല്പന അനുസരിച്ച് കാതോലിക്കേറ്റ് ഓഫീസിലെത്തി കത്ത് നൽകിയ അൽമായവേദി പ്രസിഡന്റിനെ സെക്രട്ടറി 'ഇറങ്ങിപ്പോടോ' എന്ന് അട്ടഹസിച്ച് പുറത്താക്കി. ഓഫീസ് ജീവനക്കാരുടെ മുമ്പിൽ വച്ചാണ് 73-കാരനും പുതുപ്പള്ളി വലിയപള്ളി മാനേജിംഗ് കമ്മിറ്റിയംഗവും, കൊടുവത്ത് കുടുംബയോഗം പ്രസിഡന്റുമായ കെ. വി. ഏബ്രഹാമിനെ ഇപ്രകാരം അപമാനിച്ചത്.

പ. പിതാവിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുറിയാക്കോസുമായും അൽമായവേദി നേതൃത്വം കൂടിക്കാഴ്ച നടത്തി. ജോയ്സിനോട് ചെയ്തത് തെറ്റായിപ്പോയെന്നും രംഗം നേരിൽ കണ്ട താൻ, അസോസ്യേഷൻ സെക്രട്ടറി ജോയ്സിനെ തല്ലുമെന്ന് പ്രതീക്ഷിച്ചുവെന്നും ജോയ്സിന്റെ സൗമ്യമായ പെരുമാറ്റംകൊണ്ടു മാത്രമാണ് തല്ല് കിട്ടാതിരുന്നതെന്നും ഫാ. ഡോ. സാബു കുറിയാക്കോസ് പറഞ്ഞു. തന്നെക്കുറിച്ച് ചില കാര്യങ്ങൾ അൽമായവേദി ന്യൂസ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചപ്പോൾ താൻ ബന്ധപ്പെട്ടവരെ അതിന്റെ സത്യാവസ്ഥ അറിയിച്ചുവെന്നും അതിൻപ്രകാരം തിരുത്തൽ കൊടുത്തുവെന്നുമുള്ള വസ്തുത അദ്ദേഹം അനുസ്മരിച്ചു.

മലങ്കരസഭയുടെ എക്സിക്യൂട്ടീവ് പോസ്റ്റിൽ ഇരിക്കുന്നത് മലങ്കര മെത്രാപ്പോലീത്തായാണോ അസോസ്യേഷൻ സെക്രട്ടറിയാണോ എന്നതാണ് ഇപ്പോഴത്തെ തർക്കങ്ങൾക്കും പ്രതിസന്ധിക്കും കാരണമെന്ന് ജോയ്സ് തോട്ടയ്ക്കാട് ചൂണ്ടിക്കാണിച്ചു. മാധ്യമങ്ങളിൽ നിലവിലുള്ള പ്രോട്ടോക്കോളിന് വിരുദ്ധമായി സെക്രട്ടറിയുടെ പേര് ആദ്യം അച്ചടിച്ചുവരുന്നത് പ്രതിഷേധാർഹമാണെന്ന് അൽമായവേദി പ്രവർത്തകർ പറഞ്ഞു. ഇത് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ തിരക്കിയപ്പോൾ ദേവലോകത്തുനിന്നുമുള്ള നിർദ്ദേശപ്രകാരമാണെന്ന് അറിയിച്ചുവെന്ന് ചൂണ്ടിക്കാട്ടിയപ്പോൾ, അപ്രകാരം ഒരു നിർദ്ദേശം പ. പിതാവോ അദ്ദേഹത്തിന്റെ ഓഫീസോ നൽകിയിട്ടില്ലെന്ന് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി (നേരത്തെ പ. പിതാവുമായി നടന്ന കൂടിക്കാഴ്ചയിൽ പ. പിതാവും ഇക്കാര്യം വ്യക്തമാക്കിയിരുന്നു).

## പ. പിതാവ് ചെന്നൈയിൽ

ചെന്നൈ: മൂന്നുദിവസത്തെ ഔദ്യോഗിക സഭാ സന്ദർശനത്തിനായി പ. ദിദിമോസ് പ്രഥമൻ ബാവാ ചെന്നൈയിലെത്തി. ശ്രേഷ്ഠ നിയുക്തബാവായും അദ്ദേഹത്തോടൊപ്പമുണ്ട്.

2007 മാർച്ച് 21-ലെ അസോസിയേഷൻ യോഗത്തെ തുടർന്ന് രോഗബാധിതനായ, പ. പിതാവ് അതിനു ശേഷം ആദ്യമായി നടത്തുന്ന ദീർഘയാത്രയാണിത്. പ. പിതാവ് പൂർണസുഖം പ്രാപിച്ചുവെന്നും, പൂർണ ആരോഗ്യവാനായിരുന്നുവെന്നും ചെന്നൈ റിപ്പോർട്ടിൽ പറയുന്നു.

## ചുവന്നമണ്ണ് സെന്റ് ജോർജ് പള്ളിക്കേസ്: റിട്ട് പെറ്റീഷൻ ഹൈക്കോടതി നിരാകരിച്ചു

തൃശൂർ: 2007 ആഗസ്റ്റ് 23-ാം തീയതി ഫാ. രാജു മർക്കോസ് മുതൽപേർ ഫാ. ബേബി പോളിനേയും ബഹു. ജില്ലാ ഭരണാധികാരികളെയും പ്രതികളാക്കി വികാരിക്ക് പോലീസ് സംരക്ഷണം കൊടുക്കരുത് എന്നാവശ്യപ്പെട്ടുകൊണ്ട് കൊടുത്ത റിട്ട് പെറ്റീഷൻ (W P C. 25328/07) കേരളാ ഹൈക്കോടതി നിരാകരിച്ചു. കേസ് അവധിക്ക് ശേഷം പോസ്റ്റ് ചെയ്തു. OS 35/04- പ്രകാരം വികാരിയായിരിക്കുന്ന ഫാ. ബേബി പോൾ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ട് ബഹു. ജില്ലാ ഭരണാധികാരികൾക്ക് അപേക്ഷ കൊടുത്തിരുന്നു. വിശ്വാസികളെ തടയുവാൻ ആവശ്യപ്പെട്ടിരുന്നില്ല. വിഘടിത വിഭാഗം ബ. കോടതിവിധികൾ മാനിച്ച് ഇപ്പോഴത്തെ വിധികളുടെ സത്യം ജനത്തെ ബോധ്യപ്പെടുത്തണമെന്നും വിധി നടപ്പാക്കുവാൻ സഹകരിക്കണമെന്നും തൃശൂർ ഭദ്രാസന സെക്രട്ടറി ഫാ. മാത്യു ജേക്കബ് ആവശ്യപ്പെട്ടു.

# സഭാ തർക്കം: കോലഞ്ചേരിയിൽ പള്ളി പൂട്ടി

കോലഞ്ചേരി: സഭാ തർക്കത്തെത്തുടർന്ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി പൂട്ടി.

ആർ. ഡി. ഒ. യുടെ കസ്റ്റഡിയിലുള്ള പള്ളിയുടെ താക്കോൽ ജില്ലാ കോടതിക്ക് കൈമാറണമെന്ന ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്നാണ് പള്ളി പൂട്ടിയത്. മൂവാറ്റുപുഴ ആർ. ഡി. ഒ. യുടെ നിർദ്ദേശപ്രകാരം പുത്തൻകുരിശ് സി. ഐ. ബിജു കെ. സ്റ്റീഫനാണ് ചൊവ്വാഴ്ച വൈകുന്നേരം ആറിന് പള്ളി പൂട്ടി താക്കോൽ ആർ. ഡി. ഒ.യ്ക്ക് കൈമാറിയത്. താക്കോൽ ഇന്ന് ജില്ലാ കോടതിയിൽ ഏൽപ്പിക്കുമെന്ന് ആർ. ഡി. ഒ. അറിയിച്ചു.

നേരത്തെ ആർ. ഡി. ഒ. യ്ക്ക് താക്കോൽ കൈമാറിയ നടപടിയെ ചോദ്യം ചെയ്ത് ഓർത്തഡോക്സ് വിഭാഗക്കാരായ തോമസ് എം. ഏലിയാസ്, ജോജി ജോർജ് ചേലാട്ട് എന്നിവർ ഹൈക്കോടതിയെ സമീപിച്ചിരുന്നു.

താക്കോൽ കൈമാറണമെന്നാവശ്യപ്പെട്ട് ഓർത്തഡോക്സ് വിഭാഗം വികാരിയും കോടതിയെ സമീപിച്ചിരുന്നു. ഇതിനെതിരെ യാക്കോബായവിഭാഗവും കോടതിയിലെത്തിയതിനെ തുടർന്നാണ് താക്കോൽ ജില്ലാകോടതിയെ ഏൽപിക്കാൻ ഹൈക്കോടതി കഴിഞ്ഞ ഒമ്പതിന് ഉത്തരവിട്ടത്. തുടർന്ന് കേസിൽ ഇടക്കാല ഉത്തരവിടുകയോ ഇരുവിഭാഗത്തിന്റെയും വിശദവാദം കേട്ട് ഉത്തരവിടുകയോ ചെയ്യാമെന്നും ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

അതിനിടെ പള്ളി പൂട്ടിയാൽ ആരാധന മുടങ്ങുമെന്നും താക്കോൽ കോടതിയെ ഏൽപിക്കാനുള്ള ഉത്തരവ് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് യാക്കോബായ വിഭാഗം നൽകിയ ഹർജി ഹൈക്കോടതി ബുധനാഴ്ച പരിഗണിക്കും. കഴിഞ്ഞ ഒരു വർഷമായി ആരാധന നടന്നുവന്ന പള്ളി അപ്രതീക്ഷിതമായാണ് ഇന്നലെ പൂട്ടിയത്.

ആർ. ഡി. ഒ. യുടെ കസ്റ്റഡിയിലിരുന്ന പള്ളി എല്ലാ ദിവസവും രാവിലെ ആറിനു തുറന്നു നൽകുകയും വൈകുന്നേരം ആറിന് പൂട്ടുകയും ചെയ്യുന്നത് പുത്തൻകുരിശ് പോലീസായിരുന്നു.

(മംഗളം 22.8.07)

## കോലഞ്ചേരി പള്ളി പൂട്ടി: കേസ് ഇന്ന്

കോലഞ്ചേരി: സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി ആർ. ഡി. ഒ. യുടെ നിർദ്ദേശപ്രകാരം പോലീസ് പൂട്ടി. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് ജില്ലാ കോടതിയിൽ താക്കോൽ ഏൽപ്പിക്കുന്നതിനാണ് പള്ളി പൂട്ടിയത്.

ജില്ലാ കോടതി കേസ് ഇന്നു പരിഗണിക്കും. ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് എട്ടുവർഷമായി പൂട്ടിക്കിടന്ന കോലഞ്ചേരി പള്ളി ഒന്നരവർഷം മുമ്പാണു വീണ്ടും തുറന്നത്.

ആർ. ഡി. ഒ. യുടെ നിയന്ത്രണത്തിലായിരുന്നു പള്ളി. കോലഞ്ചേരിപള്ളി ഇടവകാംഗം നൽകിയ ഹർജിയിലാണ് കോടതി ഉത്തരവ്.

(മലയാള മനോരമ കൊച്ചി എഡിഷൻ, 22.8.07)

## നിലയ്ക്കൽ എക്യുമെനിക്കൽ കമ്മറ്റി ചർച്ച തുടങ്ങി

കൊച്ചി: മലങ്കരസഭാപ്രശ്നത്തിൽ സമവായമുണ്ടാക്കുന്നതിനു നിലയ്ക്കൽ എക്യുമെനിക്കൽ കമ്മറ്റി ശ്രമം തുടങ്ങി. യാക്കോബായ – ഓർത്തഡോക്സ് വിഭാഗങ്ങളുമായി ചർച്ച നടത്തുന്നതിനു മൂന്നു സഭാദ്ധ്യക്ഷന്മാരടങ്ങിയ മദ്ധ്യസ്ഥ സമിതിയെ നിലയ്ക്കൽ കമ്മറ്റി നിയോഗിച്ചു. സമിതി ഇരുവിഭാഗങ്ങളുമായി പ്രാഥമിക ചർച്ച തുടങ്ങി.

മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത, സി. എസ്. ഐ. മധ്യകേരള മഹാ ഇടവക ബിഷപ്പ് ഡോ. തോമസ് സാമുവേൽ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ എന്നിവരാണ് സമിതിയംഗങ്ങൾ. കേരളത്തിലെ ഏഴ് എപ്പിസ്കോപ്പൽ സഭകളുടെ ഐക്യവേദിയാണു നിലയ്ക്കൽ പ്രസ്ഥാനം. സർക്കാർ തലത്തിൽ ആരംഭിച്ച സമാധാനശ്രമങ്ങൾക്കു പുറമേയാണ് ഇതര ക്രൈസ്തവ സഭകൾ പ്രശ്നത്തിൽ ഇടപെട്ടിരിക്കുന്നത്.

സഭാതർക്കം തെരുവിലേക്ക് നീങ്ങുന്നത് ക്രൈസ്തവസമൂഹത്തിനാകെ അപമാനമുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കുകയാണു ലക്ഷ്യമെന്നു നിലയ്ക്കൽ കമ്മറ്റി വക്താവ് പറഞ്ഞു. "രണ്ടുസഭകളായി പിരിഞ്ഞ് സഹോദര സഭകളായി മുന്നോട്ടു പോകാനുള്ള സാധ്യതകളാണ് ആരായുന്നത്. ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനു ഭീഷണി ഉയർന്നിരിക്കുന്ന വേളയിൽ എല്ലാ ക്രൈസ്തവ വിഭാഗങ്ങളെയും ഒന്നിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് സഭാസമാധാന ചർച്ചയും" – അദ്ദേഹം വ്യക്തമാക്കി.

യാക്കോബായ സഭയിൽ നിന്നു മലങ്കര കത്തോലിക്കാ സഭയും മാർത്തോമ്മാ സഭയും പിരിഞ്ഞു പോയതും മാർത്തോമ്മാ- ഇവാഞ്ചലിക്കൽ സഭകൾ തമ്മിലുണ്ടാക്കിയ ധാരണയും മലങ്കരസഭാ തർക്കത്തിൽ മാതൃകയാക്കാമോ എന്നും മധ്യസ്ഥ സമിതി പരിശോധിക്കുന്നുണ്ട്. മലങ്കരയിലെ ഇടവകകളുടെ നിലവിലുള്ള സ്വഭാവമനുസരിച്ച് പലതായി തിരിച്ച് ചർച്ച ചെയ്യണമെന്നാണു മുന്നോട്ടു വന്നിട്ടുള്ള ഒരു നിർദ്ദേശം. 1. ഇരുവിഭാഗങ്ങളുടെ പൂർണ്ണനിയന്ത്രണത്തിലുള്ളവ, 2. ഇരുവിഭാഗങ്ങളും തവണ വീതം വച്ച് ആരാധന നടത്തുന്നവ, 3. അടഞ്ഞുകിടക്കുന്നവ, 4. തർക്കം ഉന്നയിക്കുന്നവ എന്നിങ്ങനെയാവും പള്ളികളെ തരം തിരിക്കുക. ഇതിൽ രണ്ടും മൂന്നും വിഭാഗങ്ങളിലുള്ളവയെ സംബന്ധിച്ചു വ്യക്തമായ ധാരണയുണ്ടാക്കുകയാണു മധ്യസ്ഥസമിതിയുടെ പ്രധാന ദൗത്യം.

ന്യൂനപക്ഷാവകാശ സമരത്തിൽ സഭകൾ വ്യത്യസ്തമായ നിലപാട് സ്വീകരിച്ചതിനു പിന്നിൽ സഭകൾ തമ്മിലുള്ള സ്പർദ്ധയാണെന്നാണു നിലയ്ക്കൽ പ്രസ്ഥാനത്തിന്റെ വിലയിരുത്തൽ. ഈ നിലയ്ക്കാണു മലങ്കരസഭാ പ്രശ്നത്തിലിടപെടാൻ എക്യുമെനിക്കൽ കമ്മറ്റി തീരുമാനിച്ചത്.

അതേ സമയം, തൃശൂർ, കണ്ടനാട് ഭദ്രാസനങ്ങളിലെ ചില പള്ളികളിൽ വീണ്ടും സംഘർഷ സാദ്ധ്യത ഉടലെടുത്തിട്ടുണ്ട്.

(മംഗളം 19.8.07)

## മദ്ധ്യസ്ഥസമിതിയെ അറിയില്ല: ഓർത്തഡോക്സ് സഭ

കോട്ടയം: യാക്കോബായ ഓർത്തഡോക്സ് തർക്കം പരിഹരിക്കാൻ സർക്കാർ മദ്ധ്യസ്ഥ സമിതി രൂപീകരിച്ചതു സംബന്ധിച്ച് അറിവില്ലെന്ന് വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അൽമായ ട്രസ്റ്റി എം. ജി. ജോർജ് മുത്തൂറ്റ്, അസോസ്യേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ് എന്നിവർ അറിയിച്ചു. ഇത്തരത്തിലൊരു സമിതിയുമായി ചർച്ച നടത്തിയതായി വന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും അവർ പറഞ്ഞു.

സഭാ കേസിൽ സുപ്രീംകോടതി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി വിധി പുറപ്പെടുവിച്ച സാഹചര്യത്തിൽ ആ വിധി

നടപ്പാക്കിത്തരികയാണ് സർക്കാരിന്റെ കടമ. പള്ളികളും സ്വത്തുക്കളും വീതംവച്ചു പിരിയാനല്ല, യോജിച്ചു പോകാനാണ് സഭ ആഗ്രഹിക്കുന്നത്.

മദ്ധ്യസ്ഥചർച്ചയ്ക്കു നേതൃത്വം നൽകുന്നതായി പറയപ്പെടുന്ന മന്ത്രി എസ്. ശർമ്മയും മന്ത്രി റ്റി. യു. കുരുവിളയും യാക്കോബായ സഭാ പക്ഷപാതികളാണെന്നത് രഹസ്യമല്ല. തുടർച്ചയായി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി കോടതിവിധികൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതിനിടയിൽ ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാനും കോടതികളെ തെറ്റിദ്ധരിപ്പിക്കാനുമുള്ള ഗൂഢനീക്കമാണ് മദ്ധ്യസ്ഥശ്രമം നടക്കുന്നതായുള്ള പ്രചാരണത്തിനു പിന്നിലെന്ന് സഭാ ഭാരവാഹികൾ പറഞ്ഞു.

(മലയാള മനോരമ, 20.8.07)

## നിലയ്ക്കൽ കൗൺസിലിന് ആത്മാർത്ഥതയില്ല

കോട്ടയം: മലങ്കരസഭാതർക്കം പരിഹരിക്കാൻ നിലയ്ക്കൽ എക്യുമെനിക്കൽ കമ്മറ്റി ഇപ്പോൾ നടത്തുന്ന ശ്രമത്തിന് ആത്മാർത്ഥയില്ലെന്ന് 'അൽമായവേദി' എഡിറ്റർ പീലിപ്പോസ് പൊട്ടയ്ക്കാവയലിൽ അഭിപ്രായപ്പെട്ടു.

"നിലയ്ക്കൽ കമ്മറ്റിയുടെ ചെയർമാനും, സ്ഥാപകാംഗവുമായിരുന്ന പ. മാത്യൂസ് ദ്വിതീയൻ ബാവായെ വിഘടിത വിഭാഗം ഒന്നരമണിക്കൂർ സമയം വാരിക്കോലിയിൽ വഴിയിൽ തടഞ്ഞിട്ടപ്പോഴോ, അദ്ദേഹത്തെ അപമാനിച്ച പോസ്റ്റർ ദേവലോകം അരമനയിൽ പതിച്ചപ്പോഴോ കാണിക്കാത്ത ആവേശം ഇപ്പോൾ കാണിക്കുന്നത് മലങ്കരസഭയെ വെട്ടിമുറിക്കാനുള്ള ആവേശം കൊണ്ടു മാത്രമാണ്" അദ്ദേഹം കുറ്റപ്പെടുത്തി.

ക്രൈസ്തവ ഐക്യത്തെപ്പറ്റി നിലയ്ക്കൽ കമ്മറ്റിക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ വിഘടിതവിഭാഗത്തെ അവരുടെ തെറ്റ് മനസ്സിലാക്കി കൊടുത്ത് മുഖ്യധാരയിൽ ലയിപ്പിക്കുകയാണ് വേണ്ടതെന്നും പീലിപ്പോസ് പോട്ടയ്ക്കാവയലിൽ ചൂണ്ടിക്കാട്ടി.

## സമാധാനശ്രമം, ശ്രദ്ധ തിരിക്കാൻ?

കൊച്ചി: കഴിഞ്ഞയാഴ്ച പെട്ടെന്നാരംഭിച്ച മലങ്കരസഭാ സമാധാന ചർച്ചകൾ ഒരു പൊടിയിടൽ തന്ത്രമാണെന്ന് പറയപ്പെടുന്നു.

അന്ത്യോഖ്യൻ സുറിയാനിസഭ അഭ്യന്തരകലഹം മൂലം രൂക്ഷമായ ഉരുൾപൊട്ടലിന്റെ വക്കിലാണ്. ഈ യാഥാർത്ഥ്യത്തിൽ നിന്നും ശ്രദ്ധ തിരിച്ചുവിടാനും, മലങ്കരസഭ ഏതെങ്കിലും വിധത്തിൽ ഫലപ്രദമായി ഈ പ്രശ്നത്തിൽ ഇടപെടാതിരിക്കാനുമാണ് ഇപ്പോൾ വിഭജനചർച്ചയുമായി മുമ്പോട്ടു വന്നതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

## സ്ഥലംമാറ്റാൻ ശ്രമം

ആലുവാ: അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദീകരായ സി. കെ. ഐസക് കോർഎപ്പിസ്ക്കോപ്പ (പോത്താനിക്കാട്), ഫാ. ജെ. പൗലൂസ് (അങ്കമാലി) എന്നിവരെ സ്ഥലംമാറ്റാൻ വീണ്ടും ശ്രമമാരംഭിച്ചു. മണ്ണാറപ്രയിൽ കോർഎപ്പിസ്ക്കോപ്പ - ഫാ. ഡോ. എം. ഒ. ജോൺ ലോബിക്കെതിരെ ശക്തമായി നിലകൊണ്ടു എന്നതാണ് പ്രകോപന കാരണം. എന്നാൽ ഈ ആവശ്യവുമായി ശ്രേഷ്ഠ നിയുക്ത കാതോലിക്കായെ സന്ദർശിച്ച മദോന്മത്തനായ ഒരു മാനേജിംഗ് കമ്മറ്റിയംഗത്തെ നിയുക്തബാവാ ആട്ടിപ്പുറത്താക്കിയെന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു.

## ഒഴിപ്പിച്ചെടുത്തു

കോട്ടയം: കഴിഞ്ഞ നാലു വർഷമായി വൈദികസെമിനാരി മുൻ അദ്ധ്യാപകൻ ഫാ. ഡോ. എം. ഒ. ജോൺ അനധികൃതമായി കൈവശംവച്ചിരുന്ന സെമിനാരിയിലെ മുറി ഒഴിപ്പിച്ചെടുത്തു.

സെമിനാരി അദ്ധ്യാപനത്തിൽ നിന്നു പുറത്തായശേഷം മലങ്കര മെത്രാപ്പോലീത്താമാരായ പ. മാത്യൂസ് ദ്വിതീയൻ ബാവായും പ. ദിദിമോസ് പ്രഥമൻ ബാവായും രേഖാമൂലം കല്പന നൽകിയിട്ടും ഇദ്ദേഹം അവ വകവയ്ക്കാതെ മുറി പൂട്ടിഇട്ടിരിക്കുകയായിരുന്നു. സമീപകാലത്ത് പ. ദിദിമോസ് പ്രഥമൻ ബാവാ കർശന നടപടികളിലേയ്ക്കു നീങ്ങും എന്ന മുന്നറിയിപ്പു നൽകിയശേഷമാണത്രേ ഫാ. ഡോ. എം. ഒ. ജോൺ താക്കോൽ പ. പിതാവിന് കൈമാറിയത്.

മുറിയുടെ താക്കോൽ പ. പിതാവ് സെമിനാരി പ്രിൻസിപ്പാളിനെ ഏൽപ്പിച്ചതായും അദ്ദേഹം മുറി സെമിനാരിക്കു വേണ്ടി കൈവശമെടുത്തതായും അറിയുന്നു. എന്നാൽ മുപ്പതിലധികം വർഷമായി മാർ മക്കാറിയോസിന്റെ അനധികൃത കൈവശത്തിലിരിക്കുന്ന പഴയസെമിനാരി നാലുകെട്ടിലെ അതിഥിമുറി ഒഴുപ്പിച്ചെടുക്കാനുള്ള ശ്രമം എങ്ങുമെത്തിയിട്ടില്ല.

## കാതോലിക്കാ ദിനപ്പിരിവ്: വൈദികരിൽ അമർഷം പുകയുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: കാതോലിക്കാ ദിനപ്പിരിവിന്റെ ലക്ഷ്യം ഒറ്റയടിക്ക് അഞ്ചിരട്ടി വർദ്ധിപ്പിച്ച് അഞ്ചു കോടിയാക്കിയതിൽ വൈദികരുടെ ഇടയിൽ അമർഷം പുകയുന്നു. അസംഭവ്യമായ ഈ തുക പിരിച്ചെടുക്കാൻ മുകളിൽ നിന്നുള്ള സമ്മർദ്ദത്തിന്റെയും അതിനെതിരെ ജനങ്ങളുടെ ചെറുത്തുനിൽപിന്റേയും ഭാരം താങ്ങേണ്ടതു വൈദികരായതിനാലാണ് ഈ പ്രതിഷേധം.

കഴിഞ്ഞ ബഡ്ജറ്റിലാണ് പിരിവുലക്ഷ്യം അഞ്ചുകോടിയാക്കിയത്. വൈദീകരുടെ ക്ഷോഭം മുമ്പുകൂട്ടി കണ്ടാവണം പിരിവ് ലക്ഷ്യത്തിലെത്തുന്നപക്ഷം ഒരു ഭാഗം വൈദിക ക്ഷേമനിധി ക്കു നൽകാമെന്ന് സെക്രട്ടറി വാഗ്ദാനം ചെയ്തത്. എന്നാൽ ഇതൊന്നും വൈദീകരുടെ പ്രതിഷേധം തണുപ്പിക്കാൻ പര്യാപ്തമായിട്ടില്ല.

കാതോലിക്കാദിനപ്പിരിവ് ലക്ഷ്യം കാണാത്തപക്ഷം അതിനെ അടിസ്ഥാനമാക്കി നിർമ്മിച്ച ബഡ്ജറ്റ് തകിടം മറിയുമെന്ന് ഉറപ്പാണ്.

## പോത്താനിക്കാട് പള്ളിയിൽ നിന്നും പ. പിതാവിന് നൽകിയ പരാതി

**മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ പരമാദ്ധ്യക്ഷനും പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തായും ആയ പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമനസ്സു മുമ്പാകെയും, അത്മായ - വൈദിക ട്രസ്റ്റിമാർ, അസ്സോസിയേഷൻ സെക്രട്ടറി എന്നിവർ**

പോത്താനിക്കാട് ഉമ്മിണിക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാഇടവകയുടെ തന്നാണ്ട് കൈക്കാരന്മാർ, സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവരും ചേർന്ന് ബോധിപ്പിക്കുന്നത്.

ഈ പള്ളി മലങ്കര ഓർത്തഡോക്സ് സഭ വകയാണ്. 1934 ലെ സഭാ ഭരണഘടനപ്രകാരം ഭരണം നടത്തിവരുന്ന ഈ പള്ളിയിലും സെമിത്തേരിയിലും സ്ഥാപനങ്ങളിലും ഈ പള്ളി വികാരിയുടെ അറിവും സമ്മതവുമില്ലാതെ മറ്റു യാതൊരു വൈദികർക്കും പ്രവേശിക്കുവാൻ പാടുള്ളതല്ല എന്ന വ്യക്തമായ കോടതി വിധികൾ നിലവിലുള്ളതാകുന്നു. ബഹു. കേരള ഹൈക്കോടതിയിൽനിന്നും മതിയായ പോലീസ് സംരക്ഷണം അനുവദിച്ചു തന്നിട്ടുള്ളതും ഇപ്പോഴും നിലവിലിരിക്കുന്നതുമാണ്. 1974 മുതൽ ആരംഭിച്ച വ്യവഹാരങ്ങളെ തുടർന്ന് 1997 ലുണ്ടായ ബഹു. സുപ്രീം കോടതിവിധി നടപ്പാക്കിയെടുക്കുന്നതിന് 23 വർഷക്കാലം മുൻനിന്ന് പ്രവർത്തിക്കുകയും പ്രതിസന്ധികളെ അതിജീവിച്ച് സ്വന്തം ആരോഗ്യവും സമ്പത്തും ചെലവഴിച്ച് ഈ മഹാ ഇടവക വികാരി റവ. സി. കെ. ഐസക് ചെനയപ്പള്ളിൽ കോർഎപ്പിസ്കോപ്പായും ഭാഗ്യസ്മരണാർഹരായ നെടുഞ്ചാലിൽ എൻ. എം. വറുഗീസും പടിഞ്ഞാറ്റിൽ പി. പി. പൈലിയുമായിരുന്നു എന്നത് മലങ്കരസഭക്കാകെയും ഈ ഇടവകയ്ക്കും നാട്ടുകാർക്കും അറിവുള്ളതാണ്. ബഹു. സുപ്രീംകോടതി വിധിക്കനുസൃതമായി ഈ പള്ളിയിലും സെമിത്തേരിയിലും സ്വത്തുക്കളിലും അനധികൃത പ്രവേശനത്തിനുള്ള ശ്രമത്തിനെതിരെ കർക്കശവും ധീരവുമായ നിലപാടുകൾ കൈക്കൊണ്ടത് റവ. സി. കെ. ഐസക് ചെനയപ്പള്ളിൽ കോർഎപ്പിസ്കോപ്പായായിരുന്നു.

എന്നാൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തോളമായി ഈ ഇടവകയ്ക്കും ബഹു. കോടതിവിധികൾക്കും എതിരായി പ്രത്യക്ഷമായും പരോക്ഷമായും പാത്രിയർക്കീസ് വിഭാഗത്തിന് ഒത്താശകൾ ചെയ്ത്കൊടുത്തത് മുൻ കൈക്കാരന്മാരും ഭരണസമിതിയിലെ ചിലരുമായിരുന്നു. എന്നാൽ ഈ പള്ളി സെമിത്തേരിയിൽ പാത്രിയർക്കീസ് വിഭാഗത്തിന്റെ വൈദികരെ പ്രവേശിപ്പിക്കുന്നതിനും പരസ്പരം യോജിച്ചുപോകുന്നതിനും അവർക്ക് പള്ളിവക സ്ഥലത്ത് കുരിശുപള്ളി സ്ഥാപിക്കുന്നതിന് സ്ഥലമനുവദിക്കണമെന്നുള്ള ഒത്തുതീർപ്പ് നിർദ്ദേശത്തെ അംഗീകരിപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്തത് ഈ പള്ളിയുടെ മുൻ കൈക്കാരനും സഭാ വർക്കിംഗ് കമ്മറ്റിഅംഗം കൂടിയായിരുന്ന ഡോ. എൻ. എം. മത്തായി ആയിരുന്നു. ഫോർമുല ചർച്ച ചെയ്യണമെന്ന കൈക്കാരന്മാരുടെ ആവശ്യത്തിന്മേൽ പ. ബാവാ തിരുമേനിയുടെ അനുവാദമില്ലാതെ ചർച്ച ചെയ്യാൻ പോലും അനുവദിക്കുകയില്ലെന്ന് വികാരി പ്രഖ്യാപിച്ചു. ഈ വിവരം ബ. വികാരി പ. ബാവാ തിരുമനസ്സു മുമ്പാകെ അറിയിക്കുകയും തുടർന്ന് പ. ബാവാ തിരുമേനിയുടെ 6.10.2006-ലെ നമ്പർ 244/06 നമ്പരായി ഡോ. എൻ. എം. മത്തായിയുടെയും ഇ. എം. ചാക്കോയുടെയും മേൽ സൂചിപ്പിച്ച തരത്തിലുള്ള ഒത്തുതീർപ്പു ശ്രമങ്ങൾക്കും ചർച്ചകൾക്കും എതിരെ അയച്ചുതന്നിട്ടുള്ള കൽപ്പന വി. കുർബ്ബാനമദ്ധ്യേ പള്ളിയിൽ വായിച്ചറിയിച്ചിട്ടുള്ളതാകുന്നു. അന്നുമുതൽ ഡോക്ടറും ഇ. എം. ചാക്കോയും മറ്റു ചിലരും ചേർന്ന് പരസ്യമായിത്തന്നെ റവ. സി. കെ. ഐസക് കോർഎപ്പിസ്കോപ്പായെ മാറ്റണമെന്ന ഉറച്ച തീരുമാനം എടുത്ത രീതിയാണ് കാണാൻ കഴിഞ്ഞത്. 3.12.2006-ലെ മാനേജിംഗ് കമ്മറ്റിയിൽ സെക്രട്ടറി പങ്കെടുത്തില്ല എന്ന കാരണത്താൽ മാത്രം കൈക്കാരന്മാർ രണ്ടുപേരും തടസ്സവാദം ഉന്നയിച്ച് വാക്കൗട്ട് നടത്തിയതും ഈ വിവരം പ. ബാവായെ ധരിപ്പിച്ചതിലും അച്ചനോടുള്ള വിദ്വേഷം വർദ്ധിപ്പിച്ചു. ഈ ഇടവകയുടെ ആത്മീയവും ലൗകീകവുമായ വളർച്ചക്കുതകുന്ന ക്രിയാത്മക നടപടികളും ഭവനനിർമ്മാണ സഹായം, വിദ്യാഭ്യാസ സഹായം, രോഗികൾക്കും അശരണർക്കും ആലംബഹീനരായവർക്കും വേണ്ടിയുമുള്ള സാധുസഹായനിധി തുടങ്ങിയ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ഈ നാട്ടുകാരുടെ പ്രാദേശിക ബിഷപ്പായ ഈ വന്ദ്യ കോർഎപ്പിസ്കോപ്പാ വിശ്വാസാചാരങ്ങളിൽ കർക്കശ നിലപാടുകൾ സ്വീകരിക്കുകയും വിട്ടുവീഴ്ചയില്ലാത്ത നടപടികൾ കൈക്കൊള്ളുന്നതിലും മുൻ കൈക്കാരന്മാരായ ഇ. എം. ചാക്കോയ്ക്കും ഡോ. എൻ. എം. മത്തായിക്കും ഒഴികെ ഈ ഇടവകാംഗങ്ങൾ ഒന്നടങ്കം വന്ദ്യ കോർഎപ്പിസ്കോപ്പായെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ 30 വർഷക്കാലത്തിലധികംനാൾ ഈ ഇടവകയെ നയിച്ചു മലങ്കരസഭയ്ക്കാകെ അഭിമാനിക്കാവുന്ന തരത്തിൽ 1934 -ലെ ഭരണഘടന അംഗീകരിച്ച് നീതിപീഠത്തിൽ നിന്നും അനുകൂലമായ വിധി നേടി അവ നടപ്പാക്കിയെടുക്കുന്നതരത്തിൽ ധീരമായി നേതൃത്വം നൽകിയ ആദരണീയനായ അങ്കമാലി ഭദ്രാസനത്തിലെ ഏക വൈദികനാണ് വന്ദ്യ കോർഎപ്പിസ്കോപ്പാ അച്ചൻ. ഈ മഹാഇടവകക്കും ഇടവക വക ഹൈസ്കൂളിനുമെതിരെ പാത്രിയർക്കീസ് വിഭാഗം നടത്തിവരുന്ന കേസ്സുകളുടെ അന്തിമവിധി വരെ ഈ പള്ളി വികാരിയായ റവ. സി. കെ. ഐസക് ചെനയപ്പള്ളിൽ കോർഎപ്പിസ്കോപ്പായെ വികാരി സ്ഥാനത്ത് തുടരുവാൻ അനുവദിക്കണമെന്ന് അവിടുത്തെ ആത്മീയ മക്കളും ഈ മഹാഇടവകാംഗങ്ങളും ആയ ഞങ്ങൾ വിനീതമായി അപേക്ഷിക്കുന്നു.

എന്ന്

അവിടുത്തെ ആത്മീയ മക്കൾ

പോത്താനിക്കാട്
26-7-2007

# മെത്രാൻ തിരഞ്ഞെടുപ്പ് ഏപ്രിലിൽ: പുതിയ ഗ്രൂപ്പുകൾ രൂപമെടുക്കുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: മലങ്കരസഭയിലെ അടുത്ത മെത്രാൻ തിരഞ്ഞെടുപ്പ് 2008 ഏപ്രിലിൽ നടന്നേക്കും. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതോടെ സ്ഥാനകാംക്ഷികൾ പുതിയ തന്ത്രങ്ങളുമായി രംഗത്തിറങ്ങി.

2007 ഡിസംബറിൽ തിരഞ്ഞെടുപ്പു നടക്കുമെന്ന പ്രതീക്ഷയോടെ കഴിഞ്ഞ മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുപ്പും നോമിനേഷനും മുതൽ ചിലർ ചരടുവലി നടത്തിയിരുന്നു. നിലവിലിരിക്കുന്ന നടപടിപ്രകാരം സുന്നഹദോസിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും അംഗീകാരം സംഘടിപ്പിച്ച് ഔദ്യോഗിക പാനലിൽ കയറിപ്പറ്റാനാണ് കഴിഞ്ഞ മെത്രാൻ തിരഞ്ഞെടുപ്പിൽ അനൗദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ച ഇപ്പോൾ മാനേജിംഗ് കമ്മറ്റിയംഗമായ ഒരു വൈദികന്റെ നേതൃത്വത്തിൽ ചരടുവലി നടത്തിയത്. സ്ഥാനമോഹികളായ മറ്റു ചില വൈദികരെയും കൂട്ടുപിടിച്ചു നടത്തിയ ഈ കളിയുടെ ഫലമായി സ്വന്തം സ്ഥാനാർത്ഥിയെ അസോസിയേഷൻ സെക്രട്ടറിയായി വിജയിപ്പിക്കാൻ സാധിച്ചതോടെ തികഞ്ഞ ആത്മവിശ്വാസത്തിലായിരുന്നു ഇവർ.

എന്നാൽ ഡിസംബറിൽ തിരഞ്ഞെടുപ്പു നടക്കാതെ വരികയും ഔദ്യോഗിക പാനൽ നിർണ്ണയിക്കാൻ പുതിയ സമിതി രൂപീകരിക്കുകയും ചെയ്തതോടെ ഈ ഗ്രൂപ്പിന്റെ ഐക്യം തകർന്നു. ഗ്രൂപ്പുതലവൻ ഔദ്യോഗികപാനലിൽ ഉൾപ്പെടുകയില്ലെന്നു ഏതാണ്ട് ഉറപ്പായതോടെ മറ്റു സ്ഥാനമോഹികൾ ഓരോന്നായി

ഗ്രൂപ്പു ബന്ധം അവസാനിപ്പിച്ചു സ്വന്തം മാർഗ്ഗം തേടുകയാണ്.

ഈ സാഹചര്യത്തിലാണ് പുതിയൊരു ഗ്രൂപ്പിനു മാനേജിംഗ് കമ്മറ്റിയിൽ രൂപംകൊടുക്കുന്നത്. മാനേജിംഗ് കമ്മറ്റിയിൽ ഒരു തീവ്രവാദി വിഭാഗത്തിനു രൂപംകൊടുക്കുകയും അവരെ ഉപയോഗിച്ചു സഭാകേന്ദ്രത്തിനെ ഭീഷണിപ്പെടുത്തി തന്റെ കസേര ഉറപ്പാക്കുകയും ചെയ്യുക എന്ന തന്ത്രമാണ് മെനയുന്നത്.

കേവലം മൂന്നു മാസം കൊണ്ട് അപക്വമായ പെരുമാറ്റത്തിലൂടെ സഭയ്ക്ക് മുഴുവൻ അനഭിമിതനായ സെക്രട്ടറിയും ഈ നീക്കത്തിനു പിമ്പിലുണ്ടെന്നു പറയപ്പെടുന്നു. ഇതിന്റെ ആദ്യ ഘട്ടം കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ അരങ്ങേറിയെന്ന് ചിലർ ചൂണ്ടിക്കാട്ടുന്നു.

തീവ്രവാദി വിഭാഗത്തിനോട് ആഭിമുഖ്യമുണ്ടെന്നു കരുതപ്പെടുന്ന ചില അംഗങ്ങളെക്കൊണ്ട് പ്രകോപനപരമായ ചോദ്യങ്ങൾ ചോദിപ്പിക്കുകയും ഉത്തരത്തിലൂടെ സഭാകേന്ദ്രത്തെ വെട്ടിലാക്കുകയും ചെയ്യുക എന്ന തന്ത്രമാണ് കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ സ്വീകരിച്ചത്. സഭയോട് ആത്മാർത്ഥതയുള്ളവരും എന്നാൽ ഇത്തരം കുരുട്ടുബുദ്ധി ഇല്ലാത്തവരുമായ ഒരു നല്ല പങ്ക് മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തന്ത്രത്തിൽ തങ്ങളോടൊപ്പം ചേർക്കുക എന്ന അടവുനയമാണ് ഇവർ സ്വീകരിക്കുന്നത്.

വരുന്ന മാനേജിംഗ് കമ്മറ്റിയിൽ ഈ ഗ്രൂപ്പ് കൂടുതൽ ശക്തമാക്കുകയും അങ്ങനെ സഭാകേന്ദ്രത്തെ ഭീഷണിപ്പെടുത്തി ചുവന്ന കുപ്പായം ഉറപ്പാക്കുകയും സെക്രട്ടറിയുടെ കസേര ഉറപ്പിക്കുകയും ചെയ്യാമെന്നാണത്രേ ഇവരുടെ കണക്കുകൂട്ടൽ. വേണമെങ്കിൽ മെത്രാന്മാർക്കെതിരായി ആഞ്ഞടിച്ച് ആ വികാരവും മുതലാക്കാമെന്നും കണക്കുകൂട്ടുന്നു.

# വിഘടിതർക്ക് എന്തു കിട്ടും

**എം. കുര്യൻ തോമസ്**

2007 ഓഗസ്റ്റ് 19 ഞായറാഴ്ച മംഗളം ദിനപത്രത്തിൽ *മലങ്കര സഭാ തർക്കം പരിഹരിക്കാൻ നിലക്കൽ എക്യുമിനിക്കൽ കമ്മറ്റി ചർച്ച തുടങ്ങി* എന്നൊരു വാർത്തയുണ്ട്. കമ്മറ്റിയുടെ ആത്യന്തികലക്ഷ്യം ഇരു സഭകളായി പിരിക്കുക എന്ന സൂചനയല്ല ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം. അതിനു മാർഗ്ഗദർശകമായി പരിശോധിക്കുന്ന മാനദണ്ഡങ്ങളാണ്. മലങ്കരസഭയിൽനിന്നും വിവിധ സഭാവിഭാഗങ്ങൾ പിരിഞ്ഞുപോയതിന്റെ മാനദണ്ഡങ്ങൾ ഉപയോഗിക്കാമോ എന്നാണത്രെ ഇവർ പരിശോധിക്കുന്നത്.

1665-ൽ മലങ്കരസഭയിൽ നിന്നും റോമൻ കത്തോലിക്കാ വിഭാഗം വേർപ്പെട്ടു പോയതിനുശേഷം പിന്നീട് ഔദ്യോഗികമായ ഒരു പിരിവുണ്ടാകുന്നത് സി.എം.എസ്. മിഷനറിമാരുമായാണ്. കോട്ടയം പഴയസെമിനാരിയിൽ അദ്ധ്യാപകരായി എത്തിയ ആംഗ്ലിക്കൻ മിഷനറിമാർ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മുഷ്ക്കിന്റെ പിൻബലത്തോടെ മലങ്കരസഭയുടെ വിശ്വാസാചാരങ്ങൾ ഭേദപ്പെടുത്താനും തുടർന്ന് സഭാഭരണവും സ്വത്തുക്കളും കൈവശപ്പെടുത്താനും ശ്രമിച്ചു. ഈ യുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ ആംഗ്ലിക്കൻ മിഷിനറി റവ. ജോസഫ് പീറ്റ് ഒരു ഞായറാഴ്ച സെമിനാരിയുടെ ബസ്ഗാസ മുറിയുടെ പൂട്ടുപൊളിച്ച് ചെപ്പേടുകൾ അടക്കമുള്ള രേഖകൾ മോഷ്ടിച്ചു.

ഇവയുടെ പരിസമാപ്തിയായി 1836-ൽ മാവേലിക്കര ചേർന്ന *മലങ്കര പള്ളിയോഗം* മിഷനറിമാരുമായുള്ള സഹവാസം അവസാനിപ്പിച്ചു. ആംഗ്ലിക്കൻ മിഷനറിമാരാകട്ടെ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെയും പിൻബലത്തോടെ മലങ്കരസഭാ സ്വത്തുക്കൾ പിടിച്ചെടുക്കാനാണ് തുനിഞ്ഞത്. ഈ പ്രശ്നം തീർക്കാൻ തിരുവിതാംകൂർ സർക്കാർ നിയമിച്ച കൊച്ചി പഞ്ചായത്തുകോടതി 1840-ൽ മലങ്കരസഭാ സ്വത്തുക്കൾ വിഭജിച്ചു. മിഷനറിമാരും അവരെ പിന്തുണയ്ക്കുന്ന ഉദ്യോഗസ്ഥരും ആവുംവിധം ശ്രമിച്ചിട്ടും മലങ്കരസഭയുടെ പൂർവ്വികസ്വത്തുക്കളിലൊന്നും (ചെപ്പേടുകൾ, വട്ടിപ്പണം മുതലായവ) മിഷനറിമാർക്ക് ലഭിച്ചില്ല. എന്നാൽ തിരുവിതാംകൂർ രാജകുടുംബം തിരുവിതാംകൂർ പ്രജകളായ നസ്രാണികൾക്കു നൽകിയ ദാനസംഖ്യ തങ്ങളുടേതാക്കുന്നതിൽ മിഷനറിമാർ വിജയിച്ചു. മിഷനറിമാർ കൈവശപ്പെടുത്തിയ ജംഗമസ്വത്തുക്കളുടെ വില മലങ്കരസഭയ്ക്കു തിരിച്ചുനൽകാനും തീർപ്പായി.

എന്നാൽ ഈ വിധി പക്ഷപാതപരമാണെന്ന് ആരോപിച്ച് അന്നത്തെ മലങ്കര മെത്രാൻ മാർ ദീവന്നാസ്യോസ് നാലാമൻ വിധിസംഖ്യ കൈപ്പറ്റാൻ വിസമ്മതിച്ചു. പിന്നീട് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസാണ് വർഷങ്ങൾക്കുശേഷം ഈ സംഖ്യ കൈപ്പറ്റിയത്. 1876-നു ശേഷം ഇടവഴിക്കൽ ഇ. എം. ഫിലിപ്പ് തുടങ്ങിയവർ *കൊച്ചി പഞ്ചായത്തു വിധി* പക്ഷപാതപരമാണന്നു കാണിച്ച് മദ്രാസ് സർക്കാരിനു പരാതി ബോധിപ്പിച്ചെങ്കിലും, വിധിസംഖ്യ മാർ അത്താനാസ്യോസ് കൈപ്പറ്റിയ കാരണത്താൽ തുടർനടപടികൾ അസാദ്ധ്യമായി. ചുരുക്കത്തിൽ മലങ്കരസഭയുടെ പൂർവികമായ സ്വത്തുക്കളോ ഇടവകപ്പള്ളികളോ ആംഗ്ലിക്കൻ മിഷനറിമാർക്കു ലഭിച്ചില്ല.

ഇതിൽനിന്നും സ്വൽപ്പം വ്യത്യസ്ഥമായ സാഹചര്യമാണ് 1889-ൽ നവീകരണക്കാർ (പിന്നീട് *മലങ്കര മാർത്തോമ്മാ സഭ*) പിരിഞ്ഞുപോയപ്പോൾ ഉണ്ടായത്. 1889-ൽ റോയൽകോടതി അവസാന വിധി പ്രഖ്യാപിക്കുന്നതിനു തൊട്ടുമുമ്പ് തിരുവിതാംകൂർ മഹാരാജാവ് ഒരു മദ്ധ്യസ്ഥശ്രമം നടത്തി. അവിടെവെച്ച് മലങ്കര മെത്രാപ്പോലിത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ, നവീകരണസഭാ സ്ഥാപകൻ തോമസ് അത്താനാസ്യോസ് സത്യവിശ്വാസം സ്വീകരിക്കുന്നപക്ഷം, താൻ സ്ഥാനമൊഴിഞ്ഞ് അദ്ദേഹത്തെ സഭാഭരണം ഏൽപ്പിക്കാൻ തയ്യാറാണെന്നും, അങ്ങനെ സഭയിൽ ഐക്യം ഉണ്ടാകട്ടെയെന്നും അറിയിച്ചു. എന്നാൽ ചില കാരണങ്ങളാൽ - മുഖ്യമായും കുടെനിന്ന ചില വൈദികരുടെ എതിർപ്പുമൂലമാണന്നു പറയുന്നു - ഈ വാഗ്ദാനം തോമസ് അത്താനാസ്യോസ് സ്വീകരിച്ചില്ല. തുടർന്ന് 1889-ൽ കോടതി വിധി പറയുകയും മലങ്കരസഭ പൂർണമായും വിജയിക്കുകയും ചെയ്തു.

കേസിൽ തോറ്റ നവീകരണപക്ഷം പുതിയ സഭ സ്ഥാപിച്ചു സ്വയം പിരിഞ്ഞുപോയി (ദശാബ്ദങ്ങൾക്കുശേഷമാണ് ആ സഭയ്ക്കു *മലങ്കര മാർത്തോമ്മാ സുറിയാനി സഭ* എന്ന പേര് ലഭിച്ചത്). മലങ്കരസഭയുടെ പൂർവാർജ്ജിത സ്വത്തുക്കളോ ഇടവകപള്ളികളോ ഈ പുതിയ സഭയ്ക്കു ലഭിച്ചില്ല. ഏതാനും സിവിൽ - ജുഡീഷ്യൽ ഉദ്യോഗസ്ഥർ പക്ഷപാതപരമായ നടപടികൾ സ്വീകരിച്ചതുമൂലം ഏതാനും പള്ളികളിൽ - മൊത്തം പതിനെട്ടെന്ന് ചില കണക്കുകൾ - പൂർണമായോ ഭാഗികമായോ അവകാശം ലഭിച്ചതും, ചെപ്പേടുകളുടെ രണ്ടു തകിടുകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നതുമാണ് അവർക്കാകെ ലഭിച്ച പുരാതന സമ്പാദ്യം.

1930-ൽ മലങ്കരസഭയിലെ ബഥനി ആശ്രമത്തിന്റെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഏതാനും അനുയായികളോടൊപ്പം മാതൃസഭവിട്ട് റോമൻ കത്തോലിക്കാസഭയിൽ ചേരുകയും, *മലങ്കര റീത്ത്* എന്ന പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു. മലങ്കരസഭയുടെ ബഥനി ആശ്രമവും ചില പള്ളികളും, മലങ്കരസഭ അദ്ദേഹത്തെ മാനേജരാക്കി നിയമിച്ചിരുന്ന സഭ വക സ്ക്കൂളുകളും കൈവശപ്പെടുത്താൻ ചതുരുപായങ്ങളും പ്രയോഗിച്ച് ഭഗീരഥപ്രയത്നം നടത്തിയെങ്കിലും ഫലവത്തായില്ല. ഇവയ്ക്കുവേണ്ടി ദീർഘവർഷങ്ങൾ കേസു നടത്തിയെങ്കിലും *മലങ്കര റീത്തു*കാർ വിജയം കണ്ടില്ല. അവസാനം, 1960-കളിൽ സ്ക്കൂളുകളെ സംബന്ധിച്ച കേസ് കോടതിക്ക് പുറത്ത് ഒത്തുതീർന്നപ്പോൾ മലങ്കരസഭ വിട്ടുകൊടുത്ത ഏതാനും സ്കൂളുകൾ മാത്രമാണ് റീത്തുകാർക്ക് ലഭിച്ചത്.

ഇതിലും ദയനീയമാണ് മാർത്തോമ്മാ സഭയിൽ നിന്നും വിട്ടു

പോയ ഇവാഞ്ചലിക്കൽ സഭയുടേത്. ആരംഭത്തിൽ സ്വന്തമായ ഒരു വ്യക്തിത്വമോ, സഭാശാസ്ത്രമോ ഇല്ലാതിരുന്ന നവീകരണ സഭയ്ക്ക് താത്വിക-വേദശാസ്ത്ര അടിത്തറ ഉണ്ടാക്കികൊടുത്ത കെ. എൻ. ഡാനിയേലാണ് ഇവാഞ്ചലിക്കൽ സഭയുടെ സ്ഥാപകൻ. *നവീകരണം* ഒരു തുടർപ്രക്രിയയാണെന്നു വിശ്വസിച്ച അദ്ദേഹം മാർത്തോമ്മാസഭ ശൈശവദശയിൽത്തന്നെ നവീകരണം അവസാനിപ്പിച്ച് പ്രസ്ഥാനവൽക്കരിക്കുന്നതുകണ്ട് ഭഗ്നാശനായി. സമാനചിന്താഗതിയുള്ള അനേകായിരങ്ങളെ കൂട്ടിയാണ് 1961-ൽ അദ്ദേഹം ഇവാഞ്ചലിക്കൽ സഭ സ്ഥാപിച്ചത്. തങ്ങളുടെ മാതൃസഭയിൽ നിന്നും ഒന്നും നേടാതെ വെറുംകയ്യോടെയാണ് ഇവാഞ്ചലിക്കൽ സഭക്കാർ ഇറങ്ങിപ്പോയത്. ഒന്നും ലഭിക്കില്ലായെന്ന് മാർത്തോമ്മാ സഭ ഉറപ്പാക്കുകയും ചെയ്തു. സി. എസ്. ഐ. സഭയിൽനിന്നും ആംഗ്ളിക്കൻ സഭ പിരിഞ്ഞപ്പോഴും സംഭവിച്ചതു മറിച്ചല്ല.

1665 മുതലുള്ള ചരിത്രം പരിശോധിച്ചാൽ സാമ്രാജ്യത്തിന്റെ മുഷ്ക്കും, അഴിമതിക്കാരായ ഏതാനും ഭരണാധികാരികളുടെ പിന്തുണയും, പണത്തിന്റെ ശക്തിയും മൂലം മാത്രമാണ് മലങ്കര സഭയുടെ ഏതെങ്കിലും പൂർവ്വാർജിതസ്വത്തുക്കളോ പുരാതന ഇടവകപ്പള്ളികളോ അന്യസഭകളുടെ കൈവശത്തിലെത്തിച്ചതെന്ന് കാണാം. സാമ്രാജ്യത്വം അവസാനിക്കുകയും ശക്തമായ ഒരു നീതിന്യായവ്യവസ്ഥ ഇന്ത്യയിൽ നിലനിൽക്കുകയും ചെയ്യുന്നതിനാൽ അത്തരം വഴിവിട്ട പ്രവൃത്തികൾ ഇനി ഇന്ത്യയിൽ പ്രാവർത്തികമാക്കുക ദുഷ്കരമാണ്.

1889-ലെ നവീകരണ വിഭാഗക്കാരുടെ സ്ഥിതിയിലാണ് ഇന്ന് മലങ്കരസഭയിലെ വിഘടിത വിഭാഗത്തിന്. മാന്യമായ ഒരു ഒത്തുതീർപ്പിനും മാതൃസഭയിലേക്കുള്ള മടങ്ങിവരവിനും 1995-ലെ സുപ്രീംകോടതി വിധി മുതൽ സാധ്യതയുണ്ടായിരുന്നു. സുപ്രീംകോടതിയും ഇപ്രകാരം ഒരു യോജിപ്പ് ആഗ്രഹിച്ചതിന്റെ ഫലമാണ് 2002-ലെ പരുമല അസോസിയേഷൻ.

എന്നാൽ ഈ സാധ്യതകളെല്ലാം തള്ളിക്കളഞ്ഞ് 2002-ൽ പുതിയൊരു ഭരണഘടന രജിസ്റ്റർ ചെയ്ത്, പുത്തൻകുരിശു സൊസൈറ്റി സ്ഥാപിച്ച് തങ്ങൾ സ്വയം സഭയ്ക്ക് ഇതരരാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു വിഘടിത വിഭാഗം ചെയ്തത്. നിയമാനുസൃത ഭരണാധികാരികളേയും ഭരണഘടനയേയും നിഷേധിച്ച് സ്വയം ഇതരരായവർക്ക് പൂർവ്വാർജിത സ്വത്തുക്കളിൽ നിയമപരമായി അവകാശം ഉന്നയിക്കാനാവില്ല. ചുരുക്കത്തിൽ 2002 നു ശേഷം പുത്തൻകുരിശു സൊസൈറ്റി സ്വയം സ്ഥാപിച്ച സ്ഥാപനങ്ങൾ മാത്രമാകും നിയമപരമായി അവർക്കു കൈവശം വയ്ക്കാനാവുക. 2002-നു മുമ്പുള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ ഭരണക്രമം ഭേദപ്പെടുത്തി പുത്തൻകുരിശു സൊസൈറ്റിക്ക് കീഴിൽ ആക്കിയാൽ ആ നടപടിക്കും നിയമപരമായ നിലനിൽപ്പില്ല. മലങ്കരസഭയുട ഭാഗമല്ലെന്നു സുപ്രീംകോടതി വിധിച്ച പൗരസ്ത്യ സുവിശേഷസമാജം, ക്നാനായ ഭദ്രാസനം, സിംഹാസനപ്പള്ളികൾ ഇവയൊന്നും പുത്തൻകുരിശ് സൊസൈറ്റിയുടെ ഭാഗമാകുന്നില്ല.

അഴിമതിക്കാരും സ്വജനപക്ഷപാതികളുമായ ഏതാനും രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും പിൻബലത്തോടെ ഇവ കൈവശപ്പെടുത്താനും ഇന്നു സാധ്യമല്ല. കാരണം ഇന്ത്യയിലെ ശക്തമായ നീതിന്യായവ്യവസ്ഥ അത്തരം നടപടികളെ വച്ചുപൊറുപ്പിക്കില്ലെന്നു തെളിയിച്ചിട്ടുള്ളതാണ്. ആരുടെയെങ്കിലും മദ്ധ്യസ്ഥതയിൽ കോടതിവിധിയ്ക്കു വിപരീതമായ എന്തെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകൾ അടിച്ചേൽപ്പിച്ചാൽ ആർക്കും അതിനെതിരെ കോടതിയെ സമീപിക്കാവുന്ന അവസ്ഥയാണ് ഇന്നുള്ളത്.

ഇത്തരം ഒരു സാഹചര്യത്തിൽ ഒരു ജനാധിപത്യ സർക്കാർ മാതൃകാപരമായി എന്തു ചെയ്യണമെന്ന് രാജഭരണകാലത്തു തന്നെ തികച്ചും നീതിയുക്തമായ ഒരു തീരുമാനം തിരുവിതാംകൂർ സർക്കാർ എടുത്തിട്ടുണ്ട്. 1852-ലെ കൊല്ലം പഞ്ചായത്തു വിധിപ്രകാരം നിയമാനുസൃത മലങ്കര മെത്രാനായിരുന്ന പാലക്കുന്നത്തു മാർ മാത്യൂസ് അത്താനാസ്യോസിനെ, ആ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചു പരാജയപ്പെട്ട പരദേശി യൂയാക്കീം കൂറിലോസിന്റെ നേതൃത്വത്തിൽ ധിക്കരിച്ചു തുടങ്ങി. തുടർന്ന് പല പള്ളികളിലും സംഘർഷമായി. ഈ സാഹചര്യത്തിൽ അന്നത്തെ തിരുവിതാംകൂർ ദിവാൻ മാധവരായർ കൊല്ലവർഷം 1038 മാശി 3-ന് (1863 ഫെബ്രുവരി 16) 2455-ാം നമ്പറായി താഴെക്കാണുന്ന പോലീസ് ഉത്തരവ് പുറപ്പെടുവിച്ചു.

*...മദവിഷയമായിട്ടുള്ള കാർയ്യങ്ങളിൽ ഇവിടെ നിന്നും പ്രവെശിപ്പാൻ പാടില്ലന്നു വരികിലും യാതൊരു അക്രമങ്ങൾക്കും എടവരാതെ ശട്ടം കെട്ടെണ്ടതു എത്രെയും ആവിശ്യമാക കൊണ്ട മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികളിൽ കൂടി നടക്കുന്നതിന്നു മനസ്സില്ലാത്തവർ ഉണ്ടായിരുന്നാൽ അവർ വെറെ പള്ളികൾ മുറപൊലെ ബൊധിപ്പിച്ചു കെട്ടി, യാതൊരുപദ്രവങ്ങളും കൂടാതെ നടക്കയും, മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികളിൽതന്നെ വല്ലതും അവകാശങ്ങൾ ഉണ്ടന്നു അവരു വിചാരിക്കുന്നപക്ഷം അതിനു മുറപൊലെ അദാലത്തിൽ ബൊധിപ്പിച്ചു തീർച്ച വരുത്തികൊൾകയൊ ചെയ്ക അല്ലാതെ, കിഴുനടന്നുവരുന്നതിന്നു വിരൊധമായി പള്ളികളിലും മറ്റും അവരുചെന്ന പ്രവൃത്തിയ്ക്കുന്നതിന്നു സമ്മതിക്ക എന്നു വച്ചാൽ സമാധാനത്തിന്നു വിരൊധം സംഭവിക്കുന്നതിന്നും, അങ്ങനെ പ്രവൃത്തിയ്ക്കപെടുന്നവരെ നമ്പ്രിൽ ചെർത്തു വിസ്ഥരിച്ചു തക്ക കുറ്റം കൊടുക്കുന്നതിന്നും ഇടവരുന്നതാക കൊണ്ടു, അതിനു സംഗതി വരാതെ മെൽപറഞ്ഞ നമ്മുടെ താല്പർയ്യപ്രകാരം നടപ്പാൻ തക്കവണ്ണം വിവദിച്ചിട്ടുള്ള പള്ളികളിലെ ഇരുകക്ഷിക്കാറരെയും തിരിയപെടുത്തിയും തഹശീൽദാർ മുതലായവർ അറിഞ്ഞു ശരി ആയി നടത്തിക്കുകയും എന്നിട്ടും അനുസരണമില്ലാതെ തീർന്നു പള്ളികളിൽ ചെന്നു കീഴുനടപ്പിന്നു വിരൊധമായി ഏതങ്കിലും പ്രവൃത്തിച്ചതായി മെത്രാനൊ പള്ളിക്കാറരൊ എഴുതിഅയച്ചാൽ ഉടനെ ആവ്ക ആളുകളെ വരുത്തി നമ്പ്രിൽ ചെർത്തു വിസ്ഥരിച്ചു തക്ക കുറ്റം കൊടുത്ത എഴുതി ബൊധിപ്പിച്ചുകൊൾകയും വെണം...*

ശക്തമായ നീതിന്യായവ്യവസ്ഥ നിലവിലുള്ള ഇന്ത്യയിൽ സർക്കാരുകൾക്ക് മലങ്കരസഭാ തർക്കത്തിൽ ഈയൊരു നിലപാടെടുക്കുക മാത്രമാണ് ഇന്നു കരണീയം. വിഘടിത വിഭാഗത്തിന്റെ മുമ്പിൽ ഇന്ന് രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നുകിൽ നിയമവാഴ്ച അംഗീകരിക്കുക അല്ലെങ്കിൽ വേറെ പള്ളി വെച്ചുമാറി പുത്തൻ കുരിശു സൊസൈറ്റിയുടെ കീഴിൽ പുതിയ സഭ രൂപീകരിക്കുക. ആരായാലും - സർക്കാരായാലും, മറ്റു സഭകളായാലും - ഈ ലക്ഷ്യം നേടാനാണ് ശ്രമിക്കേണ്ടത്.


**കാഴ്ചയുടെയും കേൾവിയുടെയും അപൂർവ്വ അനുഭവം. വിസ്മയങ്ങളും അദ്ഭുതങ്ങളുമായി എം. ടി. വി. നിങ്ങളെ കാത്തിരിക്കുന്നു**

**ആരും കാണാത്ത കാഴ്ചകളും വായുവിലലിഞ്ഞു പോകുമായിരുന്ന വചനങ്ങളും ഇനി നിങ്ങൾക്ക് കാണുകയും കേൾക്കുകയും ചെയ്യാം**

**മലങ്കര ഓർത്തഡോക്സ് ടിവി**

സന്ദർശിക്കുക

**www.malankaraorthodox.tv/**



**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi**
**(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**